ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള പഠനം

8 (*515) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനാന്തരങ്ങളിലുള്ള അപൂർവ്വ ഔഷധ സസ്യങ്ങളെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രതരം ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് ലഭ്യമായിട്ടുള്ളത് ;

(സി) ഈ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഔഷധ സസ്യങ്ങൾ സംസ്ഥാനത്തെ ജനങ്ങളുടെ ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) 540 തരം സസ്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്.

(സി) 1. ഔഷധസസ്യങ്ങളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ സ്വാഭാവിക വനം സംരക്ഷിക്കുന്നതോടൊപ്പം പരിരക്ഷിച്ചു വരുന്നുണ്ട്.

2. സംസ്ഥാനത്തെ പ്രക്ഷീണ വനഭാഗങ്ങളിൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തുന്നത് ഒരു വൃക്ഷ തൈകളോടൊപ്പം ഔഷധ വൃക്ഷതൈകൾ കൂടി നട്ടുപിടിപ്പിച്ചുകൊണ്ടാണ്.

3. ഔഷധ സസ്യങ്ങളെ അവയുടെ ആവാസ വ്യവസ്ഥകളിൽ സംരക്ഷിക്കുന്നതിന്റെ ഭാഗമായി 7 ഔഷധ സസ്യസംരക്ഷിത പ്രദേശങ്ങൾ സ്ഥാപിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിലെ അഗസ്ത്യമല, പത്തനംതിട്ട ജില്ലയിലെ ത്രിവേണി, ആതിരപ്പള്ളി, പീച്ചി, തൃശ്ശൂർ ജില്ലയിലെ പെരിയ, ഇടുക്കി ജില്ലയിലെ ഇരവിക്കുളം, പാലക്കാട് ജില്ലയിലെ സൈലന്റുവാലി എന്നീ പ്രദേശങ്ങളിലാണ് ഔഷധസസ്യ സംരക്ഷിത പ്രദേശങ്ങൾ.

(ഡി) ഉണ്ട്.

(ഇ) 1. ജൈവവൈവിദ്ധ്യ സംരക്ഷണം ലക്ഷ്യമായിട്ടുള്ള വനം വകുപ്പിന്റെ പ്രവർത്തനം കൊണ്ട് ദീർഘകാലാടിസ്ഥാനത്തിൽ ഔഷധസസ്യങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ചെറുകിട വന വിഭവങ്ങളുടെ പട്ടികയിൽ ഔഷധസസ്യങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. അവ പ്രാദേശിക പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾവഴി ശേഖരിച്ച് വിപണനം നടത്തുന്നുണ്ട്.

3. ഔഷധസസ്യങ്ങളുടെ ലഭ്യത വിപുലീകരിക്കുന്നതിന് വനവൽക്കരണ പ്രവർത്തനങ്ങളിൽ ഔഷധമൂല്യമുള്ള വൃക്ഷങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

4. ഔഷധസസ്യ സംരക്ഷണം പരിപാലനം, ഉപയോഗം, വിപണനം, വിജ്ഞാന വ്യാപനം, എന്നീ പ്രവർത്തനങ്ങൾക്കും ഉതകുന്ന ഗവേഷണ പഠനങ്ങൾ നടത്തിവരുന്നു.

സംസ്ഥാനത്തെ ആർ.റ്റി. ഓഫീസുകളിൽ പുതിയ പരിഷ്ക്കാരങ്ങൾ

9 (*516) ശ്രീ. പി. സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി. എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആർ.റ്റി. ഓഫീസുകളിൽ പുതിയ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയത് എന്നുമുതലാണ് ;

(ബി) പ്രസ്തുത പരിഷ്ക്കാരങ്ങളുടെ ലക്ഷ്യങ്ങൾ എന്തൊക്കെ ആയിരുന്നു ;

(സി) ലക്ഷ്യം കൈവരിക്കുവാൻ സഹായിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ആർ.റ്റി. ഓഫീസുകളിൽ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഇ) ആർ. റ്റി. ഓഫീസുകളിൽ ഏജന്റുമാർ മുഖേന കാര്യങ്ങൾ നടത്തുന്ന രീതി ഇപ്പോഴും ഉണ്ടോ ;

(എഫ്) എങ്കിൽ ഇതിന് കൂട്ടുനിൽക്കുന്ന ജീവനക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ജി) ആർ. റ്റി. ഓഫീസുകൾ കംപ്യൂട്ടർവൽക്കരിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) 15-8-1998 മുതൽ

(ബി) പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും ആർ. ടി. ഓഫീസുകളുടെ പ്രവർത്തനങ്ങളിൽ നിന്നും ഏജന്റുമാരേയും

LIBRARY ARCHIVES Kerala Legislative Assembly